# Malayala Manorama

# 17 August 2018

# Kochi : Flood Relief, 90 roads under water



## വെള്ളത്തിനടിയിൽ 90 റോഡുകൾ

കൊച്ചി ● ജില്ലയിൽ പൊതുമരാമത്തു വകുപ്പിന്റെ 90 റോഡുകൾ വെള്ളത്തിനടിയിലായി. വൈറ്റില ഹബ് വഴിയുള്ള സർവീസുകൾ കെഎസ്ആർടിസി । നടത്തിയെങ്കിലും മലബാർ മേഖലയിലേക്കുള്ള സർവീസുകളെ ആലുവയിലെയും വരാപ്പുഴയിലെയും വെള്ളപ്പൊക്കം ബാധിച്ചു. രാവിലെ ഒറ്റവരി ഗതാഗതമാക്കിയതോടെ ഏതാനും ബസുകൾ സർവീസ് നടത്തിയെങ്കിലും പൊലീസ് നിർദേശിച്ച സ്ഥലങ്ങളിലെല്ലാം ബസുകൾ ഏറെനേരം നിർത്തിയിടേണ്ടി വന്നു.

ഉച്ചയോടെ എറണാകുളം തൃശൂർ റൂട്ടിലെ ബസ് സർവീസ് കെഎസ്ആർടിസി നിർത്തി വച്ചു. എറണാകുളം കെഎസ്ആർടിസി ഡിപ്പോ പതിവു പോലെ വെള്ളത്തിനടിയിലായി. കോട്ടയം, ആലപ്പുഴ വഴിയുള്ള സർവീസുകൾ നടന്നെങ്കിലും കോതമംഗലത്തേക്കും പെരുമ്പാവൂരിലേക്കുമുള്ള സർവീസുകൾ പലപ്പോഴും തടസ്സപ്പെട്ടു. ദേശീയപാതയിൽ ആലുവയിലും കമ്പനിപ്പടിയിലുമാണു വെള്ളം കയറിയത്. ആലുവ-പെരുമ്പാവൂർ, പഴമ്പള്ളി തുരുത്ത് റോഡ്, കൊച്ചി പനവേൽ ദേശീയ പാതയിൽ വരാപ്പുഴയിലും കൊടുങ്ങലൂരിലും ഗതാഗതം തടസ്സപ്പെട്ടു. അത്താണി-വെടിമറ റോഡ്, പട്ടം-മാഞ്ഞാലി, അയിരൂർ-തുരുത്തിപ്പുറം, മാഞ്ഞാലി ലൂപ്പ് റോഡ് യുസി കോളജ്-തടിക്കക്കടവ് റോഡ്, കൊടുങ്ങല്ലൂർ-കൊങ്ങോർപ്പിള്ളി റോഡ് എന്നിവടങ്ങളിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. പാതാളം ബ്രിജിന്റെ അപ്രോച്ച് റോഡ് ഇടിഞ്ഞതിനാൽ വൺവേ ഏർപ്പെടുത്തി. മന്നം പെരുവാരം റോഡിൽ കലുങ്ക് തകർന്നതോടെ ഗതാഗതം നിർത്തി വച്ചു. പറവൂർ വരാപ്പുഴ റൂട്ടിലും ഗതാഗതം തടസ്സപ്പെട്ടു. കൊച്ചി നഗരത്തിൽ സിറ്റി ബസുകളുടെ എണ്ണം കുറവായിരുന്നു.